# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1700 25.03.2013 - ൽ മറുപടിക്ക്

## കുടിവെള്ളപ്പൈപ്പുപൊട്ടൽ

**ചോദ്യം**

ശ്രീ. വി. ശിവൻകുട്ടി

തലസ്ഥാനനഗരത്തിൽ നിരന്തരം കുടിവെള്ളപ്പൈപ്പു പൊട്ടി ജനങ്ങളുടെ ദാഹജലം മുട്ടുന്നതിനെ സംബന്ധിച്ചും ആയതു പരിഹരിക്കുന്നതു സംബന്ധിച്ചും മുഖ്യമന്ത്രി കൈക്കൊണ്ട നടപടികളെ സംബന്ധിച്ചും വിശദമാക്കുമോ?

**മറുപടി**

ഉമ്മൻചാണ്ടി
(മുഖ്യമന്ത്രി)

അരുവിക്കരയിൽ നിന്നും 4 പ്രധാന പൈപ്പുലൈനുകളിലൂടെയാണ് തിരുവനന്തപുരം നഗരത്തിൽ വെള്ളം എത്തിക്കുന്നത്. അതിൽ ഒരു പൈപ്പിലാണ് നിരന്തരം പൊട്ടലുണ്ടായിട്ടുള്ളത്. ഈ പൊട്ടലുകൾ യുദ്ധകാല അടിസ്ഥാനത്തിൽ മനുഷ്യസാധ്യമായ പരമാവധി വേഗത്തിലാണ് പരിഹരിച്ചു വരുന്നത്. ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സ്വാഭാവിക സമയം മാത്രമേ ഇക്കാര്യത്തിൽ എടുക്കാറുള്ളൂ.

അടിയന്തിരഘട്ടം നേരിടുന്നതിനായി വാട്ടർ അതോറിറ്റിയുടെ ടാങ്കർ ലോറികൾ ഉപയോഗിച്ച് ജല വിതരണം നടത്താറുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം എന്നിവ മുഖാന്തിരം അടിയന്തിര ഘട്ടങ്ങളിൽ ടാങ്കർ ലോറികളിൽ ജല വിതരണം നടത്തുന്നതിന് വാട്ടർ അതോറിറ്റി ശുദ്ധ ജലം സൗജന്യമായി നൽകി വരുന്നു. ഇതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുറന്ന് ജനപ്രതിനിധികളുടെയും, റസിഡൻസ് അസോസിയേഷനുകളുടെയും നിർദ്ദേശാനുസരണം ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കാറുണ്ട്.

തിരുമല ടാങ്കിൽ നിന്നും അടിയന്തിര ഘട്ടങ്ങളിൽ കൂടുതൽ ജലം ഒബ്സർവേറ്ററി ടാങ്കിൽ എത്തിക്കുന്നതിലേയ്ക്കായി ഒരു ഡെഡിക്കേറ്റഡ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനു വേണ്ട ടെണ്ടർ നടപടികൾ നടന്നു വരുന്നു.

JICA പദ്ധതിയിലും JNNURM പദ്ധതിയിലും ഉൾപ്പെടുത്തി സ്ഥാപിച്ചുകൊണ്ടിരിക്കുന്ന പൈപ്പ് ലൈനുകൾ കൂട്ടിച്ചേർക്കുന്ന പണി ഉടൻ പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അരുവിക്കരയിൽ നിന്നും പേരൂർക്കട വരെ സ്ഥാപിക്കുന്ന പുതിയ എം.എസ് പൈപ്പിന്റെ പണി 05.03.2013-ൽ ജല വിഭവ വകുപ്പ് മന്ത്രി നേരിട്ട് സന്ദർശിച്ച് വിലയിരുത്തുകയും ജൂൺ മാസം അവസാനത്തോടു കൂടി പൂർത്തീകരിക്കുവാനുള്ള നിർദ്ദേശം നൽകുകയും അതനുസരിച്ച് പണികൾ പുരോഗമിക്കുകയും ചെയ്യുന്നു.

കൂടാതെ നഗരത്തിലെ പഴക്കം ചെന്ന വലിയ പൈപ്പുകൾ ഒന്നാം ഘട്ടമായും, മറ്റു പൈപ്പുകൾ രണ്ടാം ഘട്ടമായും മാറ്റി സ്ഥാപിക്കുന്നതിനുള്ള

നടപടി സ്വീകരിച്ചു വരുന്നു. അതിനായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടം ഘട്ടമായി ടി പ്രവർത്തികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

അടിക്കടിയുള്ള പൈപ്പ് പൊട്ടലുകളെ കുറിച്ച് അന്വേഷണം നടത്താൻ സർക്കാർ ഒരു 4 അംഗ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. കമ്മീഷന്റെ ഘടന താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1. | ശ്രീ.കെ.ജയകുമാർ<br>(മുൻ ചീഫ് സെക്രട്ടറി) | - ചെയർമാൻ |
| 2. | ശ്രീ.പി.ചന്ദ്രശേഖർ,<br>അഡീഷണൽ ഡയറക്ടർ<br>ജനറൽ ഓഫ് പോലീസ് | മെമ്പർ |
| 3. | ശ്രീ.എബ്രഹാം ജേക്കബ്,<br>ചീഫ് ടെക്നിക്കൽ<br>എക്സാമിനർ | മെമ്പർ |
| 4. | ശ്രീ. റ്റി.സി.സുബ്രൻ,<br>ചീഫ് എഞ്ചിനീയർ,<br>കേരള വാട്ടർ അതോറിറ്റി | മെമ്പർ |

അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ ഇതേ കുറിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ